

# അധിനിവേശത്തിന്റെ ചരിത്രം നീതിനിഷേധത്തിന്റെ നാൾവഴി

**മുഹമ്മദ് ശമീം**

**ലോകത്തിലെ** ലക്ഷോപലക്ഷം ജനങ്ങൾ ഇന്ന് നീതിക്കും സമാധാനത്തിനും വേണ്ടി തീവ്രമായി അഭിലഷിച്ചുകൊണ്ടിരിക്കുകയാണ്. യഥാർഥത്തിൽ മനുഷ്യസമൂഹത്തിന്റെ പുരോയാനത്തിന് അടിസ്ഥാനമായി വർത്തിക്കേണ്ട പ്രമാണങ്ങളത്രെ സമാധാനവും സാമൂഹികനീതിയും. എന്നാൽ ലോകചരിത്രത്തിൽ ഒട്ടേറെ ഘട്ടങ്ങൾ അനീതിയുടേതും അസ്വസ്ഥതയുടേതുമായി നമ്മൾ കാണുന്നു. നമ്മുടെ ഈ കാലഘട്ടത്തിലാകട്ടെ, ഇത് രണ്ടും ഏറെ വർധിതമായിട്ടുമുണ്ട്.

ലോകസമാധാനത്തിന് എക്കാലത്തും വലിയ ഭീഷണികളുണ്ടായിട്ടുള്ളത് സാമ്രാജ്യത്വത്തിൽനിന്നാണ്. ഇരുപതാം നൂറ്റാണ്ട് സാമ്രാജ്യത്വത്തിന്റെ ചെറുതും വലുതുമായ ഒട്ടേറെ അധിനിവേശങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അധിനിവിഷ്ട രാജ്യങ്ങളിലെല്ലാം സാമ്രാജ്യത്വം മനുഷ്യരുടെ അവകാശങ്ങൾ, ജീവിക്കാനുള്ള അവകാശം പോലും കവർന്നെടുന്നിട്ടുമുണ്ട്. അധീശശക്തികൾ അടിച്ചേൽപിക്കുന്ന മൂല്യവ്യവസ്ഥയിൽ യഥാർഥ സാമൂഹികനീതി അപ്രത്യക്ഷമാകുന്നു. അവകാശലംഘനത്തിലും നീതിനിഷേധത്തിലും ഏറ്റവും ആപൽക്കരമായ പങ്കുവഹിക്കുന്നത് അമേരിക്കയത്രെ. ലോകത്ത് പല സ്ഥലത്തും അസ്വാസ്ഥ്യത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് അവിടെയെല്ലാം കടന്നുചെല്ലാൻ യുദ്ധോത്സുകരായി നിൽക്കുന്ന രക്തദാഹിയായ ചെകുത്താനായി അമേരിക്കയെ കാണാൻ പറ്റും. വിയറ്റ്നാമിലും അഫ്ഗാനിലും ഇറാഖിലും ഫലസ്തീനിലും ലബനാനിലുമെല്ലാം നടത്തിയ ഭീകരമായ രുധിരപാനത്തിനു ശേഷം ക്യൂബ, ഇറാൻ, കൊറിയ, സിറിയ തുടങ്ങിയവക്കു നേരെ പൈശാചികമായി നാക്കുനീട്ടി മുരണ്ടുകൊണ്ടിരിക്കുന്നു.

സാമ്രാജ്യത്വത്തിന്റെ പുത്തൻ അധിനിവേശതന്ത്രങ്ങൾക്ക് വേറെയും മുഖങ്ങളുണ്ട്. പൊതുവെ കൊളോണിയൽ അധിനിവേശങ്ങളെ വിലയിരുത്തിയിരുന്നത് രാഷ്ട്രീയവും സാമ്പത്തികവും മാത്രമായിട്ടാണ്. എന്നാൽ ഇപ്പോൾ സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ കൊളോണിയൽ സ്വാധീനം, രാഷ്ട്രീയ-സാമ്പത്തിക അധിനിവേശവുമായി അതിനുള്ള ബന്ധം തുടങ്ങിയ വിഷയങ്ങൾ കൂടി വിലയിരുത്തപ്പെടുന്നു. അധിനിവിഷ്ട പ്രദേശങ്ങളിലെ ജീവിതചുറ്റുപാടുകളെയും കാഴ്ചപ്പാടുകളെയും തനത് സാംസ്കാരിക രീതികളെയും അവരുടെ സ്വന്തമായ ചരിത്രത്തെപ്പോലും അട്ടിമറിക്കുകയാണ് കൊളോണിയലിസം ചെയ്യുന്നത്. ഇങ്ങനെ മാറ്റിമറിക്കപ്പെട്ട വീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതപുരോഗതിയും വികസനവും തീരുമാനിക്കപ്പെടുന്നു. ആധുനികകാലത്തെ വികസന പ്രക്രിയയിൽ സാമൂഹികനീതി തീർത്തും അവഗണിക്കപ്പെടുന്നു. വികസനം യഥാർഥത്തിൽ ജീവിതവികാസവും സാമൂഹിക വളർച്ചയുമായി ബന്ധപ്പെട്ടതാണെങ്കിൽ അത് സമഗ്രമാകണം, നീതിപൂർവകവും. മനുഷ്യന്റെ ഭൗതികവും മാനസികവും ആത്മീയവുമായ തലങ്ങളെ സ്പർശിക്കുന്നതാണ് സമഗ്ര വികസനം. ഇപ്പോൾ വികസനമെന്നാൽ സാമ്പത്തികവികാസം മാത്രമാണ്. ഈ സാമ്പത്തിക നേട്ടം തന്നെ ചെറുന്യൂനപക്ഷത്തിനു മാത്രവും. മഹാഭൂരിപക്ഷം വികസനത്തിന്റെ ഗുണഭോക്തൃത്വത്തിൽനിന്ന് പുറത്താണ്. വികസനത്തിന്റെ ദൂഷ്യങ്ങളാകട്ടെ, അവരിൽ അടിച്ചേൽപിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെയാണ് പ്രവേശനം തടയപ്പെടുന്ന പാതകളും വിദ്യാഭ്യാസ കച്ചവടകേന്ദ്രങ്ങളുമുണ്ടാകുന്നത്. ജീവിതത്തിൽ വ്യത്യസ്ത മേഖലകളിൽ വാണിജ്യ താൽപര്യങ്ങൾ പിടിമുറുക്കുന്നു. ഇതേ വാണിജ്യവാദം (mercantalism)തന്നെയാണ് കൊളോണിയൽ അധിനിവേശങ്ങളെയും സൃഷ്ടിച്ചത്.

### ഉന്മൂലനങ്ങളുടെയും അനീതിയുടെയും ചരിത്രം

വ്യക്തികളെയും സമൂഹങ്ങളെയും സാംസ്കാരികമായും ചിലപ്പോൾ ഭൗതികമായിത്തന്നെയും ഉന്മൂലനം ചെയ്തുകൊണ്ടാണ് പാശ്ചാത്യ കൊളോണിയൽ അധിനിവേശങ്ങളുണ്ടായിട്ടുള്ളത്. അവർ 'സൃഷ്ടിച്ച' പുതിയ ലോകത്തിലെ യഥാർഥ ആദിമനിവാസികളെ വ്യാപകമായ തോതിലും പൈശാചികമായ രീതിയിലും കൊന്നൊടുക്കി. ഭൂമിയും വിഭവങ്ങളും സ്വന്തമാക്കുന്നതിനുവേണ്ടി നടത്തപ്പെട്ട അധിനിവേശങ്ങൾക്ക് ലഭ്യ

മായ സാധ്യതകൾ എന്തും എങ്ങനെയും ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാം കവർന്നെടുക്കുന്ന സ്വഭാവമാണുണ്ടായിരുന്നത്. അതിനായി കടൽക്കൊള്ള, അടിമക്കച്ചവടം എന്നു തുടങ്ങി നിഷ്ഠുരമായ നരഹത്യകൾ വരെ അരങ്ങേറി. ക്രിസ്തുമത പ്രചാരണത്തെ അധിനിവേശത്തിന്റെ ആയുധമാക്കുകയും ചെയ്തു.

കറുപ്പ് ഇക്കാലത്ത് ഹീനതയുടെ അടയാളമായിത്തീരുകയും വെളുത്തവന്റെ അതിജയവുമായി ബന്ധപ്പെട്ട വംശീയ ചിന്തകൾ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. യൂറോപ്പിന്റെ സാംസ്കാരികഔന്നത്യമെന്ന വാദവും ഉയർത്തപ്പെട്ടു. അടിച്ചമർത്തലിനും അധിനിവേശത്തിനുമായി നിർമിക്കപ്പെട്ടിട്ടുള്ള സാങ്കേതികവിദ്യകളും ഉപകരണങ്ങളും സാംസ്കാരിക-വൈജ്ഞാനിക പുരോഗതിയുടെ അടയാളങ്ങളായി. ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണ് യഥാർഥത്തിൽ സാങ്കേതിക പുരോഗതി. മുതലാളിത്തം അതിനാവശ്യമായ സാങ്കേതികോപകരണങ്ങൾ വികസിപ്പിച്ചെടുത്തു. ഈ സാങ്കേതിക പുരോഗതിക്ക് നിമിത്തമായ മുതലാളിത്തത്തെ ഒരു സാർവലൗകിക ജീവിതക്രമമായി പ്രചരിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായുള്ള സ്വാഭാവിക പ്രക്രിയയായും വെളുത്തവന്റെ അവകാശവും ബാധ്യതയുമായും കൊളോണിയൽ അധിനിവേശത്തെ ന്യായീകരിച്ചു. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളുടെ അടിമത്തം അവരുടെ തന്നെ അജ്ഞതയും ദൗർബല്യവും നിമിത്തമാണെന്ന (victim-blamming) ന്യായങ്ങൾ ആവിഷ്കരിക്കപ്പെട്ടു. 'പ്രാകൃത'രുടെ ഉദ്ധാരണം യൂറോപ്പിന്റെയും വെളുത്തവന്റെയും ഉത്തരവാദിത്വമാണെന്ന ന്യായത്തിൽ ഏത് അക്രമവും ന്യായീകരിക്കപ്പെട്ടു.

നീതിനിഷേധത്തിന്റെ ഏറ്റവും ഭീകര മുഖങ്ങളായ വംശീയതയും മുതലാളിത്തവും അങ്ങനെ വ്യാപനം നേടി. വെളുത്തവന്റെ മേൽക്കോയ്മ ശാസ്ത്രവും പ്രകൃതിയുമായി വിശദീകരിക്കപ്പെട്ടു. ഡേവിഡ് ഹ്യൂ എന്ന യൂറോപ്യൻ ദാർശനികന്റെ അഭിപ്രായത്തിൽ 'വെള്ള ഒഴിച്ചുള്ള മറ്റൊരു നിറവും ഒരു നാഗരികതയും സൃഷ്ടിച്ചിട്ടില്ല. വെള്ളക്കാരല്ലാതെ പ്രവൃത്തിയിലോ ചിന്തയിലോ ഔന്നത്യം പുലർത്തിയ മറ്റാരുമില്ല.'

**മനുഷ്യസമൂഹത്തിനാകെ ഒട്ടുമേ അറിഞ്ഞുകൂടാത്തത് ആദ്യമായി കണ്ടെത്തുമ്പോഴാണ് കണ്ടുപിടിച്ചു എന്നു പറയുക. അമേരിക്കയെന്ന് ഇന്നറിയപ്പെടുന്ന പ്രദേശം കൊളംബസോ വെസ്പുചിയോ കണ്ടെത്തിയതല്ല. എന്നിട്ടും അത് കണ്ടുപിടിച്ചതായും അമേരിക്കയായതും വെള്ളക്കാരൻ അവരല്ലാത്തവരെ മനുഷ്യരായിപ്പോലും അംഗീകരിക്കാത്തതിന്റെ തെളിവാണ്. കൊളംബസും ഗാമയും പിൻഗാമികളും ഒരിക്കലും ചരിത്രം സൃഷ്ടിച്ചവരല്ല. മറിച്ച് സമൂഹങ്ങളുടെയും ചരിത്രത്തിന്റെ അടയാളങ്ങളുടെയും നിഷ്ഠുര സംഹാരകരാണ്.**

മനുഷ്യനാഗരികതയുടെയും സംസ്കാരത്തിന്റെയും ഉറവിടം തന്നെ തുടച്ചുനീക്കപ്പെട്ടവരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങളും അവരുടെ ഭൂപ്രദേശങ്ങളുമാണെന്നതാണ് വസ്തുത. 16-ാം നൂറ്റാണ്ടിൽ ഏതൊരു ജനതയെ ആക്രമിച്ചു തകർത്തുകൊണ്ടാണോ ഇന്നത്തെ സാമ്രാജ്യത്വ വ്യവസ്ഥിതിക്ക് നേതൃത്വം കൊടുക്കുന്ന അമേരിക്ക ഉണ്ടായത്, അതേ ജനത അനേക ശതാബ്ദങ്ങളായി നിലനിന്നുപോന്ന ഒരു സംസ്കാരവും സമൂഹവുമായിരുന്നു. ജനക്ഷേമത്തിൽ ഭരണാധികാരി പിതൃനിർവിശേഷമായ താൽപര്യം പ്രകടിപ്പിച്ചിരുന്ന, കൃഷിക്കാരന് അന്നന്ന് കൃഷി ചെയ്യാനാവുന്നേടത്തോളം ഭൂമി സർക്കാരിൽനിന്ന് നൽകിയിരുന്ന ഒരു ഉത്തമ വ്യവസ്ഥിതിയായിരുന്നു ഇന്നത്തെ തെക്കേ അമേരിക്കയിലെ പെറുവിലെ ആദിമജനതയായ ഇൻകാകളുടേത്. അമേരിക്കയിലെ, പ്രാകൃതരെന്ന് വെള്ളക്കാർ വിശേഷിപ്പിക്കുന്ന ആദിമ നിവാസികളോട് ഇന്നും ലോകജനതക്ക് അടിസ്ഥാനപരമായ കടപ്പാടുകളുണ്ട്. ചോളം മുതലായ ധാന്യങ്ങളും ഉരുളക്കിഴങ്ങ്, തക്കാളി, മത്തങ്ങ തുടങ്ങിയ പച്ചക്കറികളും കൈതച്ചക്ക, ഞാവൽ, പേരക്ക തുടങ്ങിയ പഴങ്ങളും നിലക്കടല, കശുവണ്ടി മുതലായവയും ഉൾപ്പെടെ ഇന്നത്തെ പല നിത്യോപയോഗ വിളവുകളും മെരുക്കിയെടുത്തതും ഉപയോഗ്യമാക്കിയതും അവരാണ്. മെക്സിക്കോ, ഗ്വാട്ടിമാല, ഹോണ്ടുറാസ് തുടങ്ങിയ സ്ഥലങ്ങളിൽ അധിവസിച്ചിരുന്ന മായൻ ജനവിഭാഗത്തിന് സ്വന്തമായി അക്ഷരമാലയും കടലാസ് ഉപയോഗിച്ചുള്ള പുസ്തകങ്ങളും വിപുലവും ശാസ്ത്രീയവുമായ കലണ്ടറുമുണ്ടായിരുന്നു. ഇത്രയേറെ ഉന്നതി പ്രാപിച്ച ജനതയെ തുടച്ചുമാറ്റിക്കൊണ്ടാണ് പാശ്ചാത്യൻ 'പുതിയ ഭൂപ്രദേശം കണ്ടുപിടിച്ചു' കളഞ്ഞത്. ഈ കണ്ടുപിടിത്തക്കാരൻ സായിപ്പിന് നൂറ്റാണ്ടുകൾക്കു മുമ്പ് കോൺടിക്കിയെന്ന രാജാവിന്റെ നേതൃത്വത്തിൽ തടിച്ചങ്ങാടത്തിൽ കടലു കടന്ന് അന്നുവരെ ആൾപ്പാർപ്പില്ലാതിരുന്ന പെസഫിക് ദ്വീപുകളിൽ (ശരിക്കും പുതിയ പ്രദേശം കണ്ടുപിടിച്ചുതന്നെ) കുടിയേറി ആവാസമുറപ്പിച്ചവരാണ് പെറുവിലെ ഇൻകാ ആദിവാസികൾ.

ലോകത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള ഭാഗങ്ങൾ യഥാക്രമം പോർച്ചുഗൽ, സ്പെയിൻ എന്നീ കത്തോലിക്കാ രാജ്യങ്ങൾക്ക് തീറെഴുതി മാർപാപ്പ നൽകിയ തിട്ടൂരത്തെത്തുടർന്നാണ് ആദ്യകാല അധിനിവേശ പര്യവേക്ഷണങ്ങൾ രൂപപ്പെട്ടത്. അങ്ങനെ മതവും നഗ്നമായ നീതിനിഷേധത്തിന്റെ ആയുധമായിത്തീർന്നു. അങ്ങനെ 1468-ൽ പോർച്ചുഗലിൽനിന്ന് ഷുവോ പെരെ ദെ കോവിലാവോയും അയാളുടെ യാത്രാരേഖകൾ വെച്ച് 1498-ൽ വാസ്കോ ദെ ഗാമയും കേരളത്തിലും 1492-ൽ ക്രിസ്റ്റഫർ കൊളംബസ് സ്പെയിനിൽനിന്ന് പുറപ്പെട്ട് ഇന്നത്തെ അമേരിക്കൻ വൻകരയിലെ സാൽവദോറിലും കപ്പലിറങ്ങി.

പടിഞ്ഞാറോട്ട് സഞ്ചരിച്ച് കിഴക്കുള്ള ഇന്ത്യയിലെത്താനുദ്ദേശിച്ചാണ് കൊളംബസ് പുറപ്പെട്ടത്. ചെന്നെത്തിയ സ്ഥലം ഇന്ത്യയാണെന്നയാൾ ധരിച്ചു. അവിടെയുള്ള ആദിവാസികളെ ഇന്ത്യക്കാർ എന്നു വിളിക്കുകയും ചെയ്തു. ഈ വിവരക്കേടിനെ വംശീയ ഡംഭുകാരായ പടിഞ്ഞാറൻ ചരിത്രമെഴുത്തുകാർ യഥാർഥ അറിവായി സ്ഥാപിച്ചു. അങ്ങനെ ആ ആദിമവാസികൾ ചുകന്ന ഇന്ത്യക്കാരും സ്ഥലം അമേരിക്കയായതോടെ അമേരിന്ത്യന്മാരുമായി. യഥാർഥത്തിൽ സ്ഥലം അമേരിക്കയുമല്ല, അവർ ഇന്ത്യക്കാരുമല്ല. അവരുടെ സ്വത്വം തീരുമാനിക്കാനുള്ള അവകാശം പോലും അവർക്ക് നൽകാത്തതാണ് പടിഞ്ഞാറിന്റെ ധാർഷ്ട്യം. നമ്മുടെ പാഠപുസ്തകങ്ങളും അത് വകവെച്ചുകൊടുക്കുന്നു. 1500-ൽ ഇന്ത്യയിലേക്ക് പുറപ്പെട്ട പെദ്രോ അൽവാരസ് കെബ്രാളിന്റെ പോർച്ചുഗീസ് കപ്പൽ കൊടുങ്കാറ്റിൽ വഴിതെറ്റി ബ്രസീലിയൻ തീരത്തണഞ്ഞു. ആ കപ്പലിലുണ്ടായിരുന്ന അമേരിഗോ വെസ്പുചി എന്ന ഇറ്റലിക്കാരന്റെ പേരിൽനിന്നാണ് 'അമേരിക്ക' വന്നത്. മനുഷ്യസമൂഹത്തിനാകെ ഒട്ടുമേ അറിഞ്ഞുകൂടാത്തത് ആദ്യമായി കണ്ടെത്തുമ്പോഴാണ് കണ്ടുപിടിച്ചു എന്നു പറയുക. അമേരിക്കയെന്ന് ഇന്നറിയപ്പെടുന്ന പ്രദേശം കൊളംബസോ വെസ്പുചിയോ കണ്ടെത്തിയതല്ല. എന്നിട്ടും അത് കണ്ടുപിടിച്ചതായും അമേരിക്കയായതും വെള്ളക്കാരൻ അവരല്ലാത്തവരെ മനുഷ്യരായിപ്പോലും അംഗീകരിക്കാത്തതിന്റെ തെളിവാണ്. കൊളംബസും ഗാമയും പിൻഗാ



**ഇന്നത്തെ പിശാചിന് വെടിമരുന്നിന്റെ ഗന്ധമാണുള്ളതെന്ന് യു.എൻ അസംബ്ലിയിൽ ഹ്യൂഗോ ഷാവേസ് പ്രസംഗിച്ചത് അക്ഷരാർഥത്തിൽ ശരിയാണ്. വെടിമരുന്നിന്റെയും ചോരയുടെയും ഗന്ധം. യു.എസ് സമ്മർദം മൂലം യു.എൻ നടപ്പിലാക്കിയ ഇറാഖ് ഉപരോധത്തിൽ അഞ്ചു ലക്ഷത്തിലേറെ കുട്ടികളാണ് മരുന്നും ഭക്ഷണവും കിട്ടാതെ മരിച്ചത്. 2001 സെപ്റ്റംബർ 11-ന് മൂവായിരം പേരുടെ മരണത്തിനിടയാക്കിയ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന്റെ പേരും പറഞ്ഞ് അഫ്ഗാനിലും ഇറാഖിലും 2001-'04 കാലയളവിൽ നടത്തിയ നരനായാട്ടിൽ 15 ലക്ഷം മനുഷ്യജീവനാണ് നശിച്ചത്. '82-ൽ അമേരിക്കയുടെ പിന്തുണയോടെ ഇസ്രയേൽ നടത്തിയ ലബനാൻ ആക്രമണത്തിൽ 17,500 പേർ കൊല്ലപ്പെട്ടു. ഇറാഖിലെ ഒന്നാമത്തെ ആക്രമണത്തിൽ രണ്ടു ലക്ഷം പേർ ഹത്യക്കിരയായി.**

മികളും ഒരിക്കലും ചരിത്രം സൃഷ്ടിച്ചവരല്ല. മറിച്ച് സമൂഹങ്ങളുടെയും ചരിത്രത്തിന്റെ അടയാളങ്ങളുടെയും നിഷ്ഠുര സംഹാരകരാണ്. പ്രകൃതിയോടിണങ്ങിയും മനുഷ്യരെ ആദരിച്ചും കഴിഞ്ഞുപോന്ന, മൂല്യബോധമുള്ളവരായ ആദിവാസികൾ കൊളംബസിനെ അതിഥിയായിക്കണ്ട് ഹാർദമായി സ്വീകരിച്ചു. അവരെപ്പറ്റി 'അയൽക്കാരോട് സ്നേഹമുള്ള, ചിരിച്ചുകൊണ്ട് മധുരമായി സംസാരിക്കുന്ന, കുലീനമായ സമ്പ്രദായങ്ങൾക്കുടയവരായ ജനത' എന്ന് കൊളംബസ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൊളംബസിനെ വരവേറ്റ ടെയിനോകൾ അയാളുടെ തന്നെ നാട്ടുകാരാൽ അധികംകഴിയും മുമ്പേ പൂർണമായി നശിപ്പിക്കപ്പെട്ടു. വെള്ളക്കാർ അവരുടെ ഗ്രാമങ്ങൾ ചുട്ടെരിച്ചു. സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി വിറ്റു.

ഭൂമി തങ്ങളുടേതാണെന്ന വെള്ളക്കാരന്റെ വാദത്തെ പോപ്പ് അംഗീകരിച്ചുകൊടുത്തു. കേപ്പ് വെർഡി ദ്വീപുകൾക്ക് 370 ലീഗ് പടിഞ്ഞാറ് ഒരു വര വരച്ച് അവിടെനിന്ന് കിഴക്കോട്ടുള്ള സ്ഥലങ്ങൾ പോർച്ചുഗലിനും ബാക്കിയെല്ലാം സ്പെയിനിനുമായി മാർപാപ്പ വീതംവെച്ചു. അങ്ങനെ അവിടെ നടക്കുന്ന ക്രൂരതകൾക്കെല്ലാം ദൈവികമായ ന്യായങ്ങളുണ്ടായി.

പിന്നീട് ശക്തിപ്രാപിച്ച എല്ലാ കൊളോണിയൽ ശക്തികളും ഭൂഖണ്ഡത്തിലേക്ക് കുടിയേറി. നീതിക്കും അവകാശങ്ങൾക്കും വേണ്ടി ചെറുത്തുനിന്നവരെ വംശനാശം വരുത്തി. മസാചു സെറ്റ്സിൽ സ്ഥലം കൈയടക്കി കാട് വെട്ടിത്തെളിച്ച ഇംഗ്ലീഷുകാർക്കെതിരെ ഗോത്രവർഗങ്ങളെ സംഘടിപ്പിച്ച മെറ്റാകോം എന്ന ആദിവാസി മൂപ്പനെ കൊന്ന് അദ്ദേഹത്തിന്റെ തലയോട് ദശകങ്ങളോളം പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുകയും അദ്ദേഹത്തോട് ചേർന്നുനിന്നിരുന്ന വാമ്പനോവ, നാരഗൻസെറ്റ് ഗോത്രവിഭാഗങ്ങളെ ഭൂമിയിൽനിന്നുതന്നെ ഇല്ലാതാക്കുകയും ചെയ്തു. മാൻഹാട്ടൻ ദ്വീപിൽ കുടിയേറിയ ഡച്ചുകാർ രണ്ട് ഗ്രാമങ്ങളിലെ മുഴുവൻ സ്ത്രീ പുരുഷന്മാരെയും കുട്ടികളെയും അവർ രാത്രിയിൽ ഉറങ്ങുമ്പോൾ വെട്ടിയും ചുട്ടും കൊന്നൊടുക്കിയാണ് സ്ഥലം സ്വന്തമാക്കിയത്.

പിടിച്ചടക്കലിന്റെ ഭാഗമായി ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലെ ഏതാണ്ട് മുഴുവൻ ആദിമ ഗോത്രങ്ങളും ഭൂമിയിൽനിന്ന് അപ്രത്യക്ഷമായി. ആഫ്രിക്കയിൽ ദശലക്ഷക്കണക്കിന് കറുത്ത വർഗക്കാർ ഇല്ലാതാവുകയും അതിലേറെ അടിമകളാക്കപ്പെടുകയും ചെയ്തു.

1498-ൽ കേരളത്തിൽ വന്ന വാസ്കോ ദെ ഗാമ യാത്രക്ക് ചെലവായതിന്റെ അറുപതിരട്ടി വിലയുള്ള ചരക്കുകളുമായാണ് ലിസ്ബണിൽ തിരിച്ചെത്തിയത്. അതിനു ശേഷം അരങ്ങേറിയ ക്രൂരതയും അനീതിയും അതിഭീകരമാണ്. 1500-ൽ വന്ന കെബ്രാൾ കടലിന്റെ ആധിപത്യം തങ്ങൾക്കാണെന്ന് പ്രഖ്യാപിച്ചു. കടൽ എല്ലാവർക്കും യാത്ര ചെയ്യാനുള്ളതാണെന്നും അതിന്മേൽ ആധിപത്യം സാധ്യമല്ലെന്നുമുള്ള നീതിയോട് കെബ്രാൾ ഇങ്ങനെ പ്രതിവചിച്ചു: "കടലിൽ കപ്പലോടിക്കാൻ എല്ലാവർക്കും അധികാരമുണ്ടെന്നത് ശരിയായിരിക്കാം. ആ അവകാശം യൂറോപ്പിൽ ഞങ്ങളംഗീകരിച്ചിട്ടുണ്ട്. എന്നാൽ യൂറോപ്പിനു പുറത്ത് അത് ബാധകമല്ല. അതിനാൽ സമുദ്രാധീശരായ പോർച്ചുഗീസുകാരുടെ അനുമതിയില്ലാതെ കടലിൽ സഞ്ചരിക്കുന്ന ഏതൊരാളിന്റെയും സ്വത്ത് കണ്ടുകെട്ടാമെന്നത് നീതിയാണ്." 1502-ൽ വീണ്ടും കേരളതീരത്തണഞ്ഞ ഗാമ കണ്ണൂരിലെ ഏഴിമലക്കടുത്ത് താവളമുറപ്പിച്ചു. ആ സമയത്ത് മക്കയിൽനിന്ന് വരികയായിരുന്ന, ഹജ്ജ് യാത്രികരുൾപ്പെടെ സ്ത്രീകളും പുരുഷന്മാരും കുട്ടികളുമായി നാനൂറിൽ താഴെ യാത്രക്കാരുള്ള കപ്പൽ അയാളുടെ സംഘം തടഞ്ഞുവെച്ചു. തങ്ങളുടെ ജീവൻ വിട്ടുകിട്ടുന്നതിനായി കപ്പലിലുള്ള ഭാരിച്ച സമ്പത്ത് വിട്ടുകൊടുക്കാനും കോഴിക്കോട്ട് വെച്ച് ഗാമയുടെ മുഴുവൻ കപ്പലുകളിലും നിറയെ യാതൊരു പ്രതിഫലവും കൂടാതെ കുരുമുളകും മറ്റ് സുഗന്ധദ്രവ്യങ്ങളും കയറ്റിക്കൊടുക്കാനും കപ്പൽ യാത്രക്കാർ തയാറായിട്ടും കേണപേക്ഷിച്ചിട്ടും ഗാമ അവരെ ചുട്ടുകൊല്ലാനാണ് കൽപിച്ചത്. സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങളഴിച്ചുകൊടുത്തും ആർത്തു കരയുന്ന കുഞ്ഞുങ്ങളെ ഉയർത്തിക്കാട്ടി ദയക്കുവേണ്ടി അലമുറയിട്ട് യാചിച്ചിട്ടും ഫലമുണ്ടായില്ല. മുഴുവൻ സമ്പത്തും കൊള്ളയടിച്ച ശേഷം നടുക്കടലിൽ കപ്പലിന് തീ കൊടുത്തു. വെന്തെരിയുന്ന മനുഷ്യരുടെ മരണപരാക്രമങ്ങൾ തന്റെ കപ്പലിലെ നിരീക്ഷണ കവാടത്തിലൂടെ നോക്കി ആ കടൽപ്പിശാച് പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു.

പറങ്കി എന്ന വാക്കുതന്നെ ക്രൂരതയുടെ പര്യായമായിത്തീർന്നു അക്കാലത്ത്. ശ്രീലങ്കയിൽ അസ്വോഡോ എന്ന പറങ്കിക്കപ്പിത്താൻ ചോരക്കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കുമ്പോഴുണ്ടാകുന്ന 'ആനന്ദ'ത്തിനു വേണ്ടി അവരെ ഉരലിലും ആട്ടുകല്ലിലുമിട്ടിടിക്കാൻ അമ്മമാരെ നിർബന്ധിക്കുകയും കുട്ടികളെ കുന്തമുനയിൽ കോർത്ത് രസിക്കുകയും ചെയ്തു. പെഡ്രോ ദെ ആന്റിഡേ എന്ന മറ്റൊരു പോർച്ചുഗീസ് നാവികൻ താൻ കൊന്നിട്ടുള്ള ശവങ്ങളിൽനിന്ന് നാനൂറ് ശവങ്ങൾ തെരഞ്ഞെടുത്ത് ഉപ്പിലിട്ട് സൂക്ഷിച്ചിരുന്നുവത്രെ.

പോർച്ചുഗീസുകാർക്ക് ഇന്ത്യക്കാർ കേവലം പ്രസ്റ്റോസ്(ഹീനന്മാർ) മാത്രമായിരുന്നു. ഹീനന്മാരായ ജനങ്ങൾക്കു നേരെ എന്തക്രമവും ചെയ്യാമെന്നാണ് അവരുടെ

സിദ്ധാന്തം. അവർ ഭീകര മതപീഡകന്മാരുമായിരുന്നു. ഹിന്ദുക്കളെയും മുസ്‌ലിംകളെയും മാത്രമല്ല, പൗരസ്ത്യ പാത്രിയാർക്കീസിന്റെ കീഴിലായിരുന്ന കേരളത്തിലെ സുറിയാനി ക്രൈസ്തവരെയും അവർ റോമിലെ പോപ്പിന്റെ മേൽക്കോയ്മ അംഗീകരിക്കാൻ വേണ്ടി പോർച്ചുഗീസുകാർ പീഡിപ്പിച്ചു. ഉദയമ്പേരൂർ സൂനഹദോസും കൂനൻ കുരിശു സംഭവവുമൊക്കെ ഇതിന്റെ ചരിത്രസാക്ഷ്യങ്ങളാണ്.

പറങ്കികളെത്തുടർന്ന് ഇന്ത്യയിലും മറ്റും കടന്നുവന്ന മറ്റ് കൊളോണിയൽ ശക്തികളും ഏതാണ്ടിതേ ക്രൂരതകൾ തുടർന്നു. പിടിച്ചെടുത്ത പ്രദേശങ്ങളിൽനിന്ന് സ്വർണവും വെള്ളിയും സുഗന്ധദ്രവ്യങ്ങളും മാത്രമല്ല, മനുഷ്യരെയും അടിമക്കച്ചവടത്തിനായി കടത്തിക്കൊണ്ടുപോയി.

ഇങ്ങനെ, തങ്ങളുടെ വാണിജ്യ താൽപര്യങ്ങൾക്കുവേണ്ടി മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും നിഷേധിച്ച, അനീതിയുടെ വേദപാഠകർ മറ്റ് പ്രദേശങ്ങളെ കോളനികളാക്കി മാറ്റി. അവിടങ്ങളിലെ രാഷ്ട്രീയ പരമാധികാരവും കൈയടക്കി. ചരക്കുകൾ വാങ്ങാനും വിൽക്കാനും എത്തിയവർ ക്രമേണ നാട്ടിന്റെ അധികാരവും കൈയടക്കി.

അധിനിവേശം നടത്തിയ പ്രദേശങ്ങളിലെ ജീവിതവും വ്യവസ്ഥയും അധീശശക്തികൾ അട്ടിമറിച്ചു. വ്യാപകമായ കൊള്ളയടി തദ്ദേശങ്ങളിലെ ജനജീവിതത്തെ തകർത്തു. ഒരു കാലത്ത് ഇംഗ്ലണ്ടിനേക്കാൾ സമ്പന്നമായിരുന്ന ബംഗാളിൽ പ്ലാസി യുദ്ധത്തോടു കൂടിയാണ് ഇംഗ്ലീഷുകാർക്ക് സ്വാധീനമുണ്ടാവുന്നത്. സിറാജുദ്ദൗലയെ മാറ്റി മീർ ജാഫറിനെ വാഴിച്ചതിന്റെ പ്രതിഫലമായി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് ഇരുപത്തിനാല് പർഗാനകളുടെ സെമിന്ദാരി അവകാശവും ഒരു വൻതുകയും ലഭിച്ചു. 1757-നും '66-നുമിടയിൽ കമ്പനിയുടെ ഉദ്യോഗസ്ഥർ സമ്മാനമായി 60 ലക്ഷം പൗണ്ട് കൈവശപ്പെടുത്തി. ഇതുമൂലം ബംഗാളിൽ വമ്പിച്ച സാമ്പത്തിക ചോർച്ചയും ക്ഷാമവുമുണ്ടായി. ബംഗാൾ ജനസംഖ്യയിൽ ഇരുപത്തഞ്ചു ശതമാനം ഈ ക്ഷാമത്തിൽ മരിച്ചൊടുങ്ങി. കാർഷിക മേഖലയിലെ വാണിജ്യവത്കരണവും റവന്യൂ പരിഷ്കാരങ്ങളും നിമിത്തം കർഷകർ കടക്കെണിയിലകപ്പെട്ടു. കുടിൽ വ്യവസായങ്ങളും തകർന്നു തരിപ്പണമായി.

അധികാരത്തിന്റെയും വാണിജ്യത്തിന്റെയും താൽപര്യങ്ങളുമായി ബന്ധപ്പെട്ട് നീതിനിഷേധത്തിന്റെയും നിഷ്ഠുരതയുടെയും ചരിത്രം ഇക്കാലത്തും തുടരുന്നു. കൊളോണിയൽ താൽപര്യങ്ങളുമായി ബന്ധപ്പെട്ട് യൂറോപ്പിൽ അധീശരാജ്യങ്ങൾക്കിടയിലുണ്ടായ കിടമത്സരങ്ങൾ ലോകയുദ്ധങ്ങൾ സൃഷ്ടിച്ചതിനുശേഷം അമേരിക്ക കരുത്താർജിക്കുകയാണ് ചെയ്തത്. രണ്ടാം ലോകയുദ്ധത്തിനു ശേഷം നൂറോളം സ്ഥലങ്ങളിൽ അമേരിക്ക സൈനിക ഇടപെടൽ നടത്തി. ചൈന, കൊറിയ, ഗ്വാട്ടിമാല, ഇന്തോനേഷ്യ, ക്യൂബ, ബെൽജിയം, കോംഗോ, പെറു, ലാവോസ്, വിയറ്റ്നാം, കംബോഡിയ, ഗ്രാനഡ, ലിബിയ, എൽസാൽവദോർ, നിക്കരാഗ്വ, പനാമ, സോമാലിയ, ഇറാഖ്, ബോസ്നിയ, സുഡാൻ, യൂഗോസ്ലാവ്യ, അഫ്ഗാനിസ്താൻ... ഇങ്ങനെ അമേരിക്കൻ സൈനിക മുഷ്ക് അറിഞ്ഞിട്ടില്ലാത്ത ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ പ്രദേശങ്ങൾ ചുരുങ്ങും. ഒന്നു തീരുമ്പോൾ ഒന്ന് എന്ന രീതിയിൽ ഒരുപക്ഷേ ആക്രമണവും ഇടപെടലുമില്ലാതെ തുടർച്ചയായ രണ്ടു വർഷം രണ്ടാം ലോകയുദ്ധത്തിനു ശേഷം ഇതുവരെ കടന്നുപോയിട്ടുണ്ടാവില്ല.

ഇന്നത്തെ പിശാചിന് വെടിമരുന്നിന്റെ ഗന്ധമാണുള്ളതെന്ന് യു.എൻ അസംബ്ലിയിൽ ഹ്യൂഗോ ഷാവേസ് പ്രസംഗിച്ചത് അക്ഷരാർഥത്തിൽ ശരിയാണ്. വെടിമരുന്നിന്റെയും ചോരയുടെയും ഗന്ധം. യു.എസ് സമ്മർദം മൂലം യു.എൻ നടപ്പിലാക്കിയ ഇറാഖ് ഉപരോധത്തിൽ അഞ്ചു ലക്ഷത്തിലേറെ കുട്ടികളാണ് മരുന്നും ഭക്ഷണവും കിട്ടാതെ മരിച്ചത്. 2001 സെപ്റ്റംബർ 11-ന് മൂവായിരം പേരുടെ മരണത്തിനിടയാക്കിയ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന്റെ പേരും പറഞ്ഞ് അഫ്ഗാനിലും ഇറാഖിലും 2001-'04 കാലയളവിൽ നടത്തിയ നരനായാട്ടിൽ 15 ലക്ഷം മനുഷ്യജീവനാണ് നശിച്ചത്. '82-ൽ അമേരിക്കയുടെ പിന്തുണയോടെ ഇസ്രയേൽ നടത്തിയ ലബനാൻ ആക്രമണത്തിൽ 17,500 പേർ കൊല്ലപ്പെട്ടു. ഇറാഖിലെ ഒന്നാമത്തെ ആക്രമണത്തിൽ രണ്ടു ലക്ഷം പേർ ഹത്യക്കിരയായി.

നേരിട്ടുള്ള ഇടപെടലിനു പുറമെ ലോകത്തിന്റെ പല ഭാഗങ്ങളിലും അമേരിക്ക സംഘട്ടനങ്ങളും യുദ്ധങ്ങളും സൃഷ്ടിക്കുകയും തങ്ങളുടെ ആയുധ വ്യാപാരത്തെ അങ്ങനെ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും ഭരണകൂടങ്ങളിൽ ഇടപെടൽ നടത്തുകയും തങ്ങൾക്ക് ഹിതകരമല്ലാത്ത, സ്വതന്ത്രവും നീതിപൂർവകവുമായ തെരഞ്ഞെടുപ്പുകൾ പോലും അട്ടിമറിക്കുകയും അധികാരത്തിൽ തങ്ങളുടെ പാവകളെ വാഴിക്കുകയും ചെയ്യുന്നു. ചിലിയിലെ തെരഞ്ഞെടുക്കപ്പെട്ട സോഷ്യലിസ്റ്റ് പ്രസിഡന്റ് സാൽവദോർ അലന്റെയെ 1973-ൽ അട്ടിമറിച്ചതും വധിച്ചതും പട്ടാള ഭരണം നിലവിൽ വരുത്തിയതും സി.ഐ.എയുടെ പദ്ധതി പ്രകാരമായിരുന്നു. ജനവിരുദ്ധ പശ്ചാത്തലമുള്ള മാർക്കോസ് (ഫിലിപ്പീൻസ്), റിസാ ഷാ പഹ്‌ലവി (ഇറാൻ), സദ്ദാം ഹുസൈൻ തുടങ്ങിയവരെ താങ്ങിനിർത്തിയതും വളർത്തിയതും അമേരിക്കയായിരുന്നെന്നു കാണാം.

ഭൂപ്രദേശങ്ങൾക്ക് അനുയോജ്യമല്ലാത്ത സാങ്കേതിക വിദ്യകളും വിത്തുകളും പുരോഗതിയുടെയും വികസനത്തിന്റെയും പേരിൽ ഇറക്കുമതി ചെയ്ത് കൃഷി നശിപ്പിച്ചും ഭക്ഷ്യദൗർലഭ്യമുണ്ടാക്കിയും ലോകജനതയെ ആശ്രിത രാജ്യങ്ങളായി നിലനിർത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാവുന്നുണ്ട്. ഒപ്പം കടം കൊടുത്തും അതിന്റെ വ്യവസ്ഥകളടിച്ചേൽപിച്ചും ഓരോ പ്രദേശത്തെയും കൃഷിയെയും കർഷകനെയും തകർക്കുകയും. ഇങ്ങനെ കൃത്രിമമായ പ്രതിസന്ധി സൃഷ്ടിച്ച് ലക്ഷങ്ങളെ പട്ടിണിക്കിട്ട് ലാഭമുണ്ടാക്കുന്നു. യഥാർഥത്തിൽ ഭക്ഷ്യലഭ്യതയുള്ള മനുഷ്യന് അത് നിഷേധിച്ച് അയാളെ വിശപ്പിന്റെയും രോഗത്തിന്റെയും ഒപ്പം ആവശ്യത്തിന്റെയും ഇരയാക്കിത്തീർക്കുന്നു. മറ്റൊരു ഭാഗത്ത് കമ്പോള താൽപര്യങ്ങൾക്കൊത്ത വിധം ഭക്ഷണ ശീലങ്ങളെ മാറ്റിമറിക്കുന്നു. ഇങ്ങനെ നീതിവിരുദ്ധമായ ഭക്ഷ്യയുദ്ധവും അരങ്ങേറുന്നു.

ആഗോളീകരണത്തിന്റെ ഭാഗമായി ലോകം കൈപ്പിടിയിലൊതുക്കുന്നതിന് കൊളോണിയൽ രാജ്യങ്ങൾ ഇറക്കുന്ന മുടക്കുമുതലൊക്കെയും മുൻകാലത്തും ഇക്കാലത്തുമുള്ള ഇത്തരം പാപങ്ങളിലൂടെ സമ്പാദിച്ചതാകുന്നു. അനീതിയുടെ അനിഷേധ്യ രേഖകളാണ് ഇതു സംബന്ധിച്ച കണക്കുകൾ. സ്പെയിൻ, പോർച്ചുഗൽ, ഹോളണ്ട്, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ അഭിവൃദ്ധിയും പുരോഗതിയുമെല്ലാം നിസ്സഹായരായ ജനതകളുടെ മേൽ നടത്തിയ ക്രൂര ചൂഷണത്തിനു മേൽ പടക്കപ്പെട്ടതാണ്. ഇന്ത്യയെ ചൂഷണം ചെയ്തും ഇന്ത്യൻ പ്രദേശങ്ങളെ ദരിദ്രമാക്കിയും ഇവിടെനിന്ന് തുണിയും പരുത്തിയും കയറ്റിക്കൊണ്ടുപോയ ഇംഗ്ലണ്ട് വ്യവസായ വിപ്ലവത്തെത്തുടർന്ന് യൂറോപ്പിലെ ഏറ്റവും വലിയ തുണി വ്യവസായ കേന്ദ്രമായി മാറി. ഇംഗ്ലണ്ടിന്റെ ഇപ്പോഴത്തെ കൈവശസ്വത്തിൽ കാൽഭാഗം മാത്രമാണ് യഥാർഥത്തിൽ സ്വന്തം സ്വത്ത്. ബാക്കിയെല്ലാം കോളനികളിൽനിന്ന് കടത്തിയതാണ്.

### അധിനിവേശത്തിന്റെ ദർശനം

ജീവിതത്തെയും ലോകത്തെയും കുറിച്ച സങ്കുചിത വീക്ഷണവും ഭൗതികവാദവുമാണ് അധിനിവേശത്തിന്റെ

ദാർശനിക അടിസ്ഥാനങ്ങൾ. ലോകം വെറും കാഴ്ചപ്പുറത്തേക്കും ജീവിതം നൈമിഷികാസക്തികളിലേക്കും ചുരുങ്ങി. പ്രപഞ്ചത്തിന്റെയും ജീവന്റെയും അടിസ്ഥാനം വികാരശൂന്യമായ കേവല പദാർഥവും മനുഷ്യസ്വത്വം ശരീരവും മാത്രമായി. മനുഷ്യന്റെ സ്വാഭാവികമായ ആത്മീയ ചോദനകൾക്കും മനോവികാരങ്ങൾക്കു പോലും നിരർഥകമായ ഭയപ്പാടുകളുമായി ബന്ധപ്പെട്ട മനശ്ശാസ്ത്ര വിശകലനങ്ങളുണ്ടായി. സ്വാഭാവികമായും ഭോഗപരത എല്ലാറ്റിന്റെയും മൂല്യവും മാനദണ്ഡവുമായി മാറി.

ഇവരുടെ ശാസ്ത്രത്തിൽ ജീവികൾ നിരന്തരം പൊരുതിയും അടിച്ചമർത്തിയുമാണ് അതിജീവനം നേടുന്നത്. സഹകരണവും സ്നേഹവും പ്രകൃതിനിയമമല്ല. അങ്ങനെ നീതി എന്ന മൂല്യം തള്ളപ്പെടുകയും ജീവിതസമരമെന്ന ആശയം അംഗീകരിക്കപ്പെടുകയും ചെയ്തു. ഇവരെഴുതുന്ന ചരിത്രമാകട്ടെ, വെട്ടിപ്പിടിത്തത്തിന്റെ ചരിത്രമാണ്. അധീശശക്തികളെ ജേതാക്കളും മഹത്തുക്കളുമായി അത് വാഴ്ത്തുന്നു. ഭോഗതൃഷ്ണയുടെ ദർശനവും മത്സരത്തിന്റെ ലോകവും വെട്ടിപ്പിടിത്തത്തിന്റെ ലോകക്രമവുമുണ്ടായതങ്ങനെയാണ്. നീതിനിഷേധം ഈ ലോകക്രമത്തിന്റെ സ്ഥായിയായ സ്വഭാവവുമായിത്തീർന്നു. ജയിച്ചവന്റെ സംസ്കാരവും ചിന്തകളും അടിച്ചേൽപിക്കപ്പെടുകയും അവന്റെ ആസക്തികൾ ലോകഗതിയെ നിർണയിക്കുകയും ചെയ്തു. അതിജയിക്കപ്പെട്ടവന്റെ വികാരങ്ങളും സംസ്കാരവും തകർക്കപ്പെട്ടു.

ലോകത്ത് സംഘട്ടനത്തിന്റെയും അതിജയത്തിന്റെയും ശാസ്ത്രവും തത്ത്വചിന്തയും വളർത്തിയത് വെള്ളക്കാരാണ്. അതിജയത്തിന് അനുകമ്പയെ തകർക്കുകയും മനസ്സാക്ഷിയെ അമർത്തുകയും വേണം. 'അതീത മനുഷ്യൻ (സൂപ്പർ മാൻ) മാപ്പു നൽകലിനെയും ദയാവായ്പിനെയും അതിവർത്തിക്കണം' (നീഷേ). ജയിച്ചടക്കലിന് പ്രതിബന്ധം സൃഷ്ടിക്കാൻ മൂല്യവിചാരങ്ങളെയും നീതിബോധത്തെയും അനുവദിക്കരുത്. ലക്ഷ്യസാക്ഷാത്കാരത്തിന് ഏതു മൂല്യത്തെയും ബലികഴിക്കാമെന്നാണ്.

ഈ ദർശനമാണ് കൊളംബസിനെയും ഗാമയെയും ഈസ്റ്റിന്ത്യാ കമ്പനിയെയും അമേരിക്കൻ ഐക്യനാടുകളെയും സൃഷ്ടിച്ചത്. ഇതാണ് അധിനിവേശത്തിന്റെയും ആയുധക്കച്ചവടത്തിന്റെയും പ്രേരകം. വംശീയതയുടെയും സാമ്രാജ്യത്വത്തിന്റെയും അവ സൃഷ്ടിക്കുന്ന നീതിരാഹിത്യത്തിന്റെയും അടിസ്ഥാനമിതാണ്. യജമാനനോട് ഭക്ത്യാദരവും സ്വന്തത്തോട് അപകർഷതയും പുലർത്തുന്ന, ചീർത്ത ശരീരവും തോറ്റ മനസ്സുമുള്ള, ഷണ്ഡന്മാരായ ഭരണാധികാരികളും രാജാക്കന്മാരും ഇതിന്റെ ഉൽപന്നങ്ങളാണ്.

ഇന്ന് ആഗോളീകരണമെന്ന പേരിൽ മൂലധന ഭീകരത ഭൂമുഖത്തെല്ലായിടത്തും സ്വന്തം വേരുകൾ വ്യാപിപ്പിക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ അനീതിയും അസമത്വവും ആഗോളവത്കരിക്കപ്പെടുന്നു. ലോകത്തിലെ വിഭവങ്ങളിൽ 80 ശതമാനത്തിലധികം കൈയടക്കിയിരിക്കുന്ന അമേരിക്കയിൽതന്നെ അസന്തുലിതത്വത്തിന്റെ അടയാളങ്ങൾ ധാരാളമുണ്ട്. ശരാശരി കണക്കനുസരിച്ച് യു.എസ്.എയിൽ ഒരാൾക്ക് ഒന്നിലധികം കാറുകളുണ്ട്. ടി.വികളും കമ്പ്യൂട്ടറും ആവശ്യത്തിലും എത്രയോ അധികം. എന്നാൽ ഉടുതുണിക്ക് മറുതുണിയില്ലാത്ത തൊഴിലാളിയും കയറിക്കിടക്കാനിടമില്ലാത്തവരും പട്ടിണിക്കാരും ഇതിന്റെ മറുവശമായി അവിടെത്തന്നെയുണ്ടെന്ന് കാണുന്നു. സ്വന്തം രാജ്യത്തിലെ ഈ പൗരന്മാരുടെ അഭിവൃദ്ധിയും നീതിയുമാകട്ടെ, അമേരിക്കയുടെ നയപരിപാടികളിൽ വരുന്നേയില്ല.

കാണുന്ന ലോകത്തിനും ജീവിതത്തിനുമപ്പുറം വിശാലമാവുന്ന വീക്ഷണവും മനുഷ്യരോടും ദൈവത്തോടുമുള്ള ഉത്തരവാദിത്വബോധവും മൂല്യവിചാരമുൽപാദിപ്പിക്കുന്ന ദർശനവും മറ്റ് മനുഷ്യരും സൃഷ്ടിപ്രപഞ്ചമാകെത്തന്നെയുമായുള്ള ഏകീഭാവത്തിന് ഓരോ വ്യക്തിയും അഭിലഷിക്കുന്ന സമൂഹവുമാണ് വളർന്നുവരേണ്ടത്. അതിജയത്തിന്റെയും ജീവിതസമരത്തിന്റെയും സ്ഥാനത്ത് അലിവും സഹകരണവും അടിസ്ഥാനമായിവരുന്ന ജീവിതവീക്ഷണം.

നീതിയുടെ സാക്ഷാത്കാരത്തിനായി യത്നിക്കാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നു: 'നിങ്ങൾ അല്ലാഹുവിനു വേണ്ടി നിലകൊള്ളുക. നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാവുക', 'നിങ്ങൾ നീതിക്കായി നിലകൊള്ളുകയും അല്ലാഹുവിന്റെ സാക്ഷികളാവുകയും ചെയ്യുക.' നീതി ദൈവിക ഗുണമാണ്. പ്രപഞ്ചത്തിൽ സന്തുലിതത്വം സ്ഥാപിച്ചവനാണ് അല്ലാഹു.

നീതിയുടെ സാക്ഷ്യമെന്ന ആധ്യാത്മിക കൽപനയിലധിഷ്ഠിതമായ സമരവും രാഷ്ട്രീയവും രൂപപ്പെടണം. ഇക്കാലമത്രയും അനീതിക്കിരയായ ജനതയോടുള്ള കടമയാണത്. അത് മനുഷ്യസമൂഹത്തിന്റെ തന്നെ നിലനിൽപിനു വേണ്ടിയുള്ള സമരവുമാണ്.

നീതിയുടെയും നിലനിൽപിന്റെയും രാഷ്ട്രീയമെന്നാൽ സാമ്രാജ്യത്വ വിരുദ്ധ രാഷ്ട്രീയമാണ്. സാമ്രാജ്യത്വത്തെ കടപുഴക്കിയാൽ മാത്രമേ നീതിയുടെ നിലനിൽപും ജനതയുടെ അതിജീവനവും സാധ്യമാവുകയുള്ളൂ. എങ്കിലേ, സമാധാനം ഉറപ്പുവരികയുള്ളൂ. സാമ്രാജ്യത്വത്തെയും ആധുനിക സാമ്രാജ്യത്വത്തിന്റെ ചാലകദർശനമായ മുതലാളിത്തത്തെയും നിരാകരിക്കുന്ന രാഷ്ട്രീയമാണ് നീതിയുടെ രാഷ്ട്രീയം. അതിന്റെ യഥാർഥമായ നാമമത്രെ ദൈവികരാഷ്ട്രീയം. ■